LIBRARY ARCHIVES Kerala Legislative Assembly

സഹായത്തോടുകൂടി കണ്ടെത്തി ആ വിവരം അതാത് സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരുമായി ആലോചിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ ആഭിമുഖ്യത്തിൽ ദക്ഷിണേന്ത്യയിലുള്ള ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ യോഗം വിളിക്കാനും പ്രശ്നം ചർച്ച ചെയ്യുവാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന വ്യാപകമായ പരിശോധന കർശനമാക്കുവാൻ വേണ്ട നിർദ്ദേശം ഇതിനകം നൽകിയിട്ടുണ്ട്.

നദികളുടെയും തണ്ണീർത്തടങ്ങളുടെയും സംരക്ഷണം

19 (*229) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നദികളുടെയും, തണ്ണീർത്തടങ്ങളുടെയും സംരക്ഷണത്തിന് നിലവിലുള്ള നിയമങ്ങളും ആയത് നടപ്പാക്കാനുള്ള സംവിധാനങ്ങളും സംബന്ധിച്ച വിശദവിവരം നല്കുമോ ;

(ബി) നിർദ്ദിഷ്ട റിവർ ആൻറ് വെറ്റ് ലാൻറ് അതോറിറ്റി, റിവർ ബേസിൻ ബോർഡ്, വെറ്റ് ലാൻഡ് ഡവലപ്പ്മെൻറ് ബോർഡ് എന്നിവയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്തെ ജലസ്രോതസ്സിന്റെ നിയന്ത്രണ കൈകാര്യ ചുമതലകൾ നിരവധി അധികാരസ്ഥാനങ്ങൾക്ക് നല്കുന്നതുകൊണ്ടുണ്ടാകാവുന്ന അധികാര തർക്കങ്ങളെക്കുറിച്ചും കെടുകാര്യസ്ഥതയെക്കുറിച്ചും പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) സംസ്ഥാനത്തെ നദികളുടെയും തണ്ണീർത്തടങ്ങളുടെയും സംരക്ഷണത്തിന് വിവിധ വകുപ്പുകൾ/ ഏജൻസികൾവഴി നടപ്പിലാക്കുന്ന വിവിധ നിയമങ്ങൾ നിലവിലുണ്ട്. ഇതിൽ ജലസേചന വകുപ്പുവഴി നടപ്പിലാക്കുന്നത് "കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് - 2003" ആണ്. ഇതുകൂടാതെ, കേന്ദ്ര നിയമമായ തണ്ണീർത്തട (സംരക്ഷണവും മാനേജ്മെന്റും) റൂൾസ്-2010

LIBRARY ARCHIVES Kerala Legislative Assembly

വിഭാവന ചെയ്യുന്ന തരത്തിലുള്ള സംരക്ഷണ നടപടികളും ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ചുവരുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും താലൂക്ക്/വില്ലേജ് തലങ്ങളിലും ജലസേചന വകുപ്പിന്റെ വിവിധ ആഫീസുകൾ പ്രവർത്തിക്കുന്നതിനാൽ, ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വഴി നിയമം അനുശാസിക്കുന്ന നടപടികൾ സ്വീകരിക്കുന്നതിന് സാധിക്കുന്നു. ഇതിനുപുറമേ നദി/കായൽ തീരങ്ങളിൽ കയ്യേറ്റമുണ്ടായാൽ അത് ഒഴിപ്പിക്കുന്നതിന് കേരള ലാന്റ് കൺസർവൻസി ആക്ട് (195) പ്രകാരം ജലസേചന വകുപ്പിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കേരള നദീ (സംരക്ഷണ-മണൽ വാരൽ നിയന്ത്രണ) ആക്ട്, കേരള പഞ്ചായത്തീരാജ് ആക്ട് എന്നിവ പ്രകാരമുള്ള നടപടികൾ യഥാക്രമം റവന്യൂ, തദ്ദേശസ്വയം ഭരണ വകുപ്പ് അധികൃതർ സ്വീകരിച്ചുവരുന്നു.

(ബി) നിർദ്ദിഷ്ട റിവർ ആന്റ് വെറ്റ് ലാന്റ് അതോറിറ്റി, റിവർ ബേസിൻ ബോർഡ്, വെറ്റ് ലാന്റ് ഡെവലപ്മെന്റ് ബോർഡ് എന്നിവയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) സംസ്ഥാനത്തെ ജലസ്രോതസ്സിന്റെ നിയന്ത്രണ കൈകാര്യ ചുമതലകൾ വിവിധ അധികാരസ്ഥാനങ്ങൾക്ക് നൽകുന്നതുകൊണ്ടുണ്ടാവുന്ന അധികാര തർക്കങ്ങളെക്കുറിച്ചും മറ്റ പ്രശ്നങ്ങളെക്കുറിച്ചും ജലവിഭവ വകുപ്പ് പരിശോധന നടത്തിയിട്ടില്ല. എന്നാൽ, സംസ്ഥാന നദീ-തണ്ണീർത്തട അതോറിറ്റി ബിൽ നിയമമായാൽ വിവിധ ഏജൻസികളെ/ഡിപ്പാർട്ടുമെന്റുകളെ ഏകോപിപ്പിച്ച് സംയോജിത വികസന/സംരക്ഷണ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കും.

'ജിക്കാ' പദ്ധതികൾ

20 (*230) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഷാഫി പറമ്പിൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ജിക്കാ' പദ്ധതികൾ കമ്മീഷൻ ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ ;

(ബി) ഏതെല്ലാം പദ്ധതികൾ കമ്മീഷൻ ചെയ്യാനുണ്ട്; വിശദമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.